(ഡി) എൽ. പി. ജി. ഉപയോഗിച്ച് കെ. എസ്. ആർ. ടി. സി. ബസ് ഓടിക്കാൻ നിലവിൽ സംവിധാനമില്ല. പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

ഇന്ധനച്ചെലവിലുണ്ടാകുന്ന ലാഭം

233 (4022) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടെണ്ടർ ക്ഷണിച്ച് ബസ് വാങ്ങിയതിലൂടെയും കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ തന്നെ ബസ് ബോഡി നിർമ്മിച്ചതിലൂടെയും എത്ര തുക ഇതിനകം ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓപ്പൺ ടെണ്ടർ മുഖേന വാങ്ങിയതിന്റെ ഫലമായി 2005-ലെ വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ഷാസികൾ വാങ്ങിയത്

ഷാസികളുടെ വില നിലവാരം

ഇനം	വർഷം			
	2005	2007	2008	2010
ടാറ്റ	7,98,750	6,86,250	7,43,000	7,03,626
ലൈലാന്റ്	8,15,8187,	7,16,200	7,43,000	7,03,626

2007 മുതൽ സ്പീഡ് ഗവേർണർ, ഓട്ടോമാറ്റിക്ക് സ്ലാക് അഡ്ജസ്റ്റർ, പ്രത്യേകമായ ഡ്രൈവർ സീറ്റ്, കോർപ്പറേഷന്റെ കോഴിക്കോട് മുതൽ തിരുവനന്തപുരം വരെയുള്ള വർക്ക്ഷോപ്പുകളിൽ ഷാസികൾ എത്തിച്ചുതരുന്നതുൾപ്പെടെയുള്ള ഏകദേശം 39,000 രൂപയുടെ അധിക ചെലവുകൾ കൂടി വാഹന നിർമ്മാതാക്കൾ തന്നെയാണ് വഹിക്കുന്നത്. ഈ അധികച്ചെലവ് കമ്പനികൾ വഹിക്കുന്നത് കൂടി കണക്കാക്കിയാൽ 2005-ൽ വാങ്ങിയ ഷാസികളേക്കാൾ 2007-ലും 2008-ലും 2010-ലും ഷാസി ഒന്നിന് താഴെപ്പറയുന്ന രീതിയിൽ ലാഭം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ഇനം	വർഷം		
	2007	2008	2010
ടാറ്റ	1,51,500	94,750	1,34,124
ലൈലാന്റ്	1,38,618	1,11,818	1,51,192

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുറത്തെ വർക്ക്ഷോപ്പുകളിൽ ബോഡി നിർമ്മിച്ച ബസ്സുകൾക്ക് ശരാശരി 5,29,000 രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി. വർക്ക്ഷോപ്പുകളിൽ ബോഡി നിർമ്മിച്ച ബസ്സുകൾക്ക് ശരാശരി 4,25,106 രൂപ ചെലവായിട്ടുണ്ട്. ആയതിനാൽ ഒരു ബസ് ബോഡി നിർമ്മിക്കുമ്പോൾ ശരാശരി കോർപ്പറേഷന് 1,03,894 രൂപ ലാഭമുണ്ടാകുന്നുണ്ട്.

ലോ-ഫ്ളോർ ബസ്സുകൾ ലാഭത്തിലാക്കാൻ നടപടി

234 (4025) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിറ്റിയിൽ മാത്രം സർവ്വീസ് നടത്തുന്ന ലോ-ഫ്ളോർ ബസ്സുകൾ തൊട്ടടുത്ത പട്ടണങ്ങളിലേക്ക് ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ നടത്തി ലാഭത്തിലാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ ; എങ്കിൽ എന്താണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) JnNURM പദ്ധതിയിൽ ബസ്സുകൾ നിരത്തിലിറക്കുന്നത് തിരുവനന്തപുരം, കൊച്ചി നഗരങ്ങളുടെ നവീകരണം ലക്ഷ്യമിട്ടുകൊണ്ടാണ്. അങ്ങനെ കാണുമ്പോൾ പ്രസ്തുത നഗര പരിധിയിൽപ്പെടാത്ത മറ്റു പട്ടണങ്ങളിലേക്ക് കൂടുതൽ ലോ ഫ്ളോർ-ലിമിറ്റഡ് സ്റ്റോപ്പ്, ലോ ഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി

235 (4024) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് റോഡ് നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നുണ്ടോ ;

(ബി) റോഡപകടങ്ങളിൽ ഏറ്റവും കൂടുതൽ കാരണമാകുന്ന സ്വകാര്യ ബസുകളുടെയും ടിപ്പർ ലോറികളുടെയും വേഗത നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് റോഡ് നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ ബന്ധപ്പെട്ട പോലീസ് മോട്ടോർ വാഹന ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രാഫിക് നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടികൾ കൈക്കൊണ്ടും ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയും റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ പരമാവധി ശ്രമിക്കുന്നുണ്ട്. നാഷണൽ ഹൈവേകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിനും അപകടമുണ്ടായാൽ അടിയന്തിര രക്ഷാപ്രവർത്തനം നടത്തുന്നതിനുമായി ഹൈവേകളുമായി

LIBRARY ARCHIVES Kerala Legislative Assembly